## പതിമൂന്നാം കേരള നിയമസഭ - അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ:6369 11/07/2012 - ൽ മറുപടിക്ക്

### തോട്ടപ്പള്ളി ഫിഷറീസ് ആശുപത്രി നിർമ്മാണം

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ. ജി. സുധാകരൻ: | | ശ്രീ.കെ. ബാബു (മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പ് മന്ത്രി): |
| (എ) തോട്ടപ്പള്ളി ഫിഷറീസ് ആശുപത്രിയുടെ കെട്ടിട നിർമ്മാണം നിലച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ പണി പൂർത്തീകരിക്കുവാൻ എന്ത് നടപടി സ്വീകരിച്ചുവെന്ന് അറിയിക്കുമോ;<br>(ബി) ആശുപത്രി നിർമ്മാണം തടസ്സപ്പെടാൻ കാരണമെന്താണെന്നും എത്ര തുകയുടെ ഭരണാനുമതിയാണ് ലഭിച്ചിട്ടുള്ളതെന്നും ഏത് ഫണ്ട് ഉപയോഗിച്ചാണ് ആശുപത്രി കെട്ടിടം നിർമ്മിക്കുന്നതെന്നും വ്യക്തമാക്കുമോ; | (എ) & (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. തോട്ടപ്പള്ളി ഫിഷറീസ് ആശുപത്രിയുടെ നിർമ്മാണത്തിന് കരാർ നൽകിയിരുന്ന ആലപ്പുഴ നിർമ്മിതി കേന്ദ്രത്തിന്റെ അനാസ്ഥമൂലമാണ് നിർമ്മാണം നിലച്ചത്. സർക്കാർ ഉത്തരവ് പ്രകാരം നിർമ്മിതി കേന്ദ്രയെ ഏൽപ്പിച്ച പ്രവൃത്തിയുടെ കരാർ റദ്ദ് ചെയ്ത് നിർമ്മിതി കേന്ദ്രയുടെ നഷ്ടോത്തരവാദിത്വത്തിൽ പ്രവൃത്തി ക്രമീകരിക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. 24 ലക്ഷം രൂപയുടെ ഭരണാനുമതിയാണ് ടി പ്രവൃത്തിയ്ക്ക് നൽകിയത്. സംസ്ഥാന പ്ലാൻ ഫണ്ട് (4405-00-800-98-(പി) ഉപയോഗിച്ചാണ് പ്രസ്തുത പ്രവൃത്തി ചെയ്തുവന്നത്. |
| (സി) ഏത് ഏജൻസിയാണ് കരാർ ഏറ്റെടുത്തിട്ടുള്ളത്; കരാർ പ്രകാരം നിർമ്മാണ പ്രവർത്തനങ്ങൾ എന്നാണ് പൂർത്തിയാക്കേണ്ടതെന്ന് വ്യക്തമാക്കുമോ? | (സി) | നിർമ്മിതി കേന്ദ്രവുമായുള്ള കരാർ പ്രകാരം 09/03/2008-ൽ പ്രവൃത്തി പൂർത്തീകരിക്കണമായിരുന്നു. |

സെക്ഷൻ ഓഫീസർ